(സി) അനധികൃതമായി മണൽ വാരുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്ത് പ്രോസിക്യൂഷൻ നടപടികൾ എടുക്കാൻ വേണ്ട നിർദ്ദേശം പല കളക്ടർമാരും നൽകിയിട്ടുണ്ട്. പല ജില്ലകളിലും വിജിലൻസ് സ്കാഡുകൾ ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് സർക്കാർ ഭൂമി, കൃഷിത്തോട്ടം, എന്നിവ പാട്ടത്തിനു നൽകുന്ന പദ്ധതി

13 (*134) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി, കൃഷിത്തോട്ടം എന്നിവ പാട്ടത്തിനു നൽകുന്ന നടപടി തുടരുന്നുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര ഹെക്ടർ ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ ഭൂമിയും കൃഷിത്തോട്ടങ്ങളും പാട്ടത്തിനു നൽകുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് പാട്ടത്തിനു നൽകുന്ന ഭൂമി, കൃഷിത്തോട്ടം, എന്നിവയ്ക്ക് ഏർപ്പെടുത്തിയ പാട്ടത്തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള പാട്ടത്തുക വളരെ കുറഞ്ഞതാണെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകളിൽ പാട്ടത്തുക വർദ്ധിപ്പിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ജി) സർക്കാർ ഭൂമി, കൃഷിത്തോട്ടം എന്നിവ പാട്ടത്തിന് നൽകുന്നതിന് പുതിയൊരു നയം സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) പാട്ടത്തിനെടുത്തും, അനധികൃതമായി കയ്യേറിയും സർക്കാർ ഭൂമി വർഷങ്ങളോളം കൈവശം വച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ ഉടമകളെ നിയന്ത്രിക്കുന്നതിനും ഭൂമി തിരിച്ചു പിടിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ)

(എ) സർക്കാർ ഭൂമി പാട്ടത്തിനു നൽകുന്ന നടപടി തുടരുന്നുണ്ട്. കൃഷിത്തോട്ടം പാട്ടത്തിന് നൽകുന്നില്ല.

(ബി) കാർഡമംഹിൽ റിസർവ് ഒഴികെ ഗ്രാമപ്രദേശങ്ങളിൽ 6,206 ഹെക്ടർ ഭൂമിയും നഗരപ്രദേശങ്ങളിൽ 246 ഹെക്ടർ ഭൂമിയും നൽകിയിട്ടുണ്ട്.

(സി) ഗ്രാമപ്രദേശങ്ങളിൽ 1985-ലെ ജി.ഒ. (എം.എസ്) 1026/85/ആർ. ഡി. നമ്പർ ഉത്തരവു പ്രകാരവും നഗരപ്രദേശങ്ങളിൽ 1995-ലെ ജി.ഒ.566/95/ആർ. ഡി. നമ്പർ ഉത്തരവു പ്രകാരവുമാണ് പാട്ടത്തിന് നൽകുന്നത്.

(ഡി) കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശത്ത് വ്യാവസായികേതര ആവശ്യത്തിന് സർക്കാർ ഭൂമി പാട്ടത്തിനു നൽകുമ്പോൾ വാർഷിക പാട്ടം വസ്തുവിന്റെ കമ്പോളവിലയുടെ 10%വും, വ്യാവസായികാവശ്യത്തിനു പാട്ടത്തിനു നൽകുമ്പോൾ കമ്പോളവിലയുടെ 20% ഈടാക്കണമെന്ന് സർക്കാർ ഉത്തരവു (പി 566/95/ആർ. ഡി. -യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ 1985 -ലെ ജി. ഒ.(എം. എസ്) 1026/85/ആർ. ഡി. നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരവുമാണ്.

(ഇ) നഗര/കോർപ്പറേഷൻ പ്രദേശങ്ങളിലെ പാട്ടനിരക്ക് പരിഷ്ക്കരിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല. ഗ്രാമപ്രദേശങ്ങളിലെ ഭൂമിയുടെ പാട്ടം പരിഷ്ക്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) പാട്ടത്തുക, പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുതുക്കി വരുന്നുണ്ട്.

(ജി) ഇപ്പോൾ ആലോചനയിൽ ഇല്ല.

(എച്ച്) പാട്ടത്തിനു കൊടുത്ത ഭൂമിയിൽ പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ പുതുക്കുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പുതുക്കുന്നതിനുള്ള അപേക്ഷ നൽകാത്ത കേസുകളിൽ പാട്ടം റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അനധികൃതമായി കൈയേറ്റം ഉള്ള സർക്കാർ ഭൂമിയിൽ നിന്ന് കയ്യേറ്റക്കാരെ ഒഴിവാക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി എടുത്തു വരുന്നു.

വംശനാശം നേരിടുന്ന മത്സ്യ സമ്പത്തിന്റെ പരിപോഷണം

14 (*135) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly